ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"എന്റെ ആഗ്രഹങ്ങൾ"
(തിരുവചന ചിന്തകൾ)

"ചോദ്യങ്ങളും ഉത്തരങ്ങളും"



JANUARY
2024

CONTENTS

- **തിരുവചന ചിന്ത :**
  "എന്റെ ആഗ്രഹങ്ങൾ". Page - 03

- **ചോദ്യങ്ങളും ഉത്തരങ്ങളും** Page - 13

"എന്റെ ആഗ്രഹങ്ങൾ"

(തിരുവചന ചിന്ത)

ലൂക്കോസ് 5:5

അതിന്നു ശിമോൻ: നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല; എങ്കിലും നിന്റെ വാക്കിന്നു ഞാൻ വല ഇറക്കാം എന്നു ഉത്തരം പറഞ്ഞു

ലൂക്കോസിന്റെ സുവിശേഷത്തിൽ അഞ്ചാം അദ്ധ്യായത്തിലെ ഈ വാക്യം ഏറെ ശ്രദ്ധേയവും പരിചിതവുമാണ്. യേശുവിന്റെ ശിഷ്യഗണത്തിലെ പ്രസിദ്ധനായ പത്രോസിന്റെ വാക്കുകളാണിവ. യേശുവിനെ ഒരുപാട് സ്നേഹിച്ച യേശുവിന്റെ ശിഷ്യനായിരുന്നു പത്രോസ്. യേശുവിനെ സ്നേഹിക്കുവാൻ നമുക്കിന്നു കഴിയുന്നുണ്ടോ ? അതോ യേശുവിനേക്കാളും സ്നേഹിക്കത്തക്കതായി എന്തെങ്കിലുമൊക്കെ നമ്മുടെ ചുറ്റുപാടുകളിലും ആഗ്രഹങ്ങളിലും ഉണ്ടോ ?

നാം പലപ്പോഴായിഉപയോഗിക്കുന്ന ഒരു വാക്കാണ് ആഗ്രഹം. അതിൽത്തന്നെ മനുഷ്യന്റെ ആഗ്രഹം, ദൈവത്തിന്റെ ആഗ്രഹം, സാത്താന്റെആഗ്രഹം എന്നൊക്കെപല പിരിവുകളും ചിലപ്പോഴൊക്കെ നാം പറയാറുമുണ്ട്.

മനുഷ്യന്റെ ആഗ്രഹംഎന്ന അടിസ്ഥനചിന്തയിലേക്ക് നമുക്കൊന്നു വരാം.

'ആഗ്രഹം' എന്ന വാക്ക് അത്ര ചെറിയകാര്യത്തെക്കുറിച്ചുള്ള ഒരു വർണ്ണനയല്ല . പ്രത്യുത, ഒരു മനുഷ്യന്റെ ആയുസ്സിനെയും ജീവനേയുമൊക്കെ മാറ്റിമറിക്കുവാൻ കെല്പുള്ള ശക്തമായ ഒരു അർത്ഥതലം ആ വാക്കുകളിലുണ്ട്. സങ്കീർണ്ണതകളല്ല, എന്നാൽ വലിയചിന്താഭാരം വഹിക്കുന്ന ഒരു വാക്കുകൂടിയാണ് 'ആഗ്രഹം'

ഒരുവൻ നല്ല ഒരു ജോലിയിൽ, അതിന്റെ ഉയർന്നപദവി നേടിക്കഴിയുമ്പോൾ പറഞ്ഞേക്കാം "ഈ പദവി എന്റെ ആഗ്രഹമായിരുന്നു" എന്ന്. ചിലർ ഹിമാലയ യാത്രകൾക്കായി ഏറെനാൾ തയ്യാറെടുപ്പു നടത്തുകയും ഒടുവിൽ അവിടേയ്ക്കെത്തുകയും ചെയ്യുമ്പോൾ പറയും "ഈ യാത്ര എന്റെ വലിയ ആഗ്രഹം ആയിരുന്നു" എന്ന്.

ചിലർ ചില പരീക്ഷകളിൽ തോൽക്കുമ്പോൾ പറയും "എന്റെ വലിയൊരാഗ്രഹമായിരുന്നു ഇതിൽ നഷ്ടമായത്" എന്നൊക്കെ. നമ്മുടെ കുഞ്ഞുങ്ങളും ചെറിയ മിഠായ്കളും ഐസ്ക്രീമുകളുമൊക്കെ 'ആഗ്രഹ'മായി കൊണ്ടുനടക്കാറുമുണ്ട്. അപ്പോൾ ആഗ്രഹം എന്നത് ഏറ്റവും ചെറിയ കുഞ്ഞുങ്ങളിൽ തുടങ്ങി ഏറെ മുതിർന്നവർ വരെ വഹിക്കുന്ന ഭാരമാണ്. ആ ഭാരത്തിനു തത്തുല്യമായ സുഖമോ അസ്വസ്ഥതയോ പിന്നത്തേതിൽ ഉണ്ടായേക്കാം. അതായത്, ആഗ്രഹം നിവൃത്തിക്കുമ്പോൾ സുഖവും ആഗ്രഹം തടസ്സപ്പെടുകയോ തകർക്കപ്പെടുകയോ ചെയ്യുമ്പോൾ നിരാശയോ ആയിരിക്കും ലഭിക്കുക.

ആഗ്രഹത്തെക്കുറിച്ചുള്ള ഒരു ആഴമേറിയ ചിന്തയല്ല നമ്മുടെവിഷയം, എങ്കിലും ഒരു ശരാശരി ക്രിസ്തീയ വിശ്വാസിയെസംബന്ധിച്ചിടത്തോളം ഈ വാക്കിന് അവന്റെമേൽ അനവധിസ്വാധീനതകൾ ഇന്നുണ്ട്. അതുകൊണ്ടു ആഗ്രഹം എന്ന വാക്കിനെക്കുറിച്ചു അല്പമായി ചിന്തിക്കാം

എല്ലാ ക്രിസ്ത്യാനികൾക്കും ചൂണ്ടിക്കാണിക്കാൻ ഒരു ദൈവമുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവുമെന്ന ത്രീയേക (ത്രീത്വം) ദൈവത്തിലാണ് ക്രിസ്തുവിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. എന്നാൽ താൻമറ്റുള്ളവരുടെ മുൻപിൽ ചൂണ്ടിക്കാണിക്കുന്ന/പ്രകടമാക്കുന്ന (ചൂണ്ടിക്കാണിക്കൽ എന്നത് ആരാധന, മതവിശ്വാസം , കുർബ്ബാന എന്നിവയാണ്) ഒന്നിനോടുംപൂർണ്ണമായി നീതിപുലർത്തുവാൻ ഒരു ക്രിസ്തീയവിശ്വാസി എന്നനിലയിൽ നമുക്കു പൂർണ്ണമായി കഴിയുന്നില്ല എന്നതാണ് വാസ്തവം. കാരണം, ദൈവത്തിനു മുൻപിൽ തന്നെത്താൻ ഏല്പിച്ചുകൊടുക്കുവാൻ വിശ്വാസിക്ക് കഴിയുന്നില്ല എന്നതുതന്നെ. ആരാധനയും മത വിശ്വാസങ്ങളും കൗദാശിക കർമ്മങ്ങളും പലപ്പോഴും ചെന്നു എത്തിനിൽക്കുന്നത്, ദൈവത്തെ പൂർണ്ണതയോടെ അനുസരിക്കുവാൻ തയ്യാറാവാത്ത ഒരു കൂട്ടംവ്യക്തികളുടെ മുൻപിലാണ്. ആ വ്യക്തിയെ അവർതന്നെ വിളിക്കുന്നത് "വിശ്വാസികൾ" എന്നാണ്. അതിലാണ് പലപ്പോഴും ഞാനും നിങ്ങളും.

യേശുവിലാണോ ക്രിസ്തീയമാർഗ്ഗം എന്ന മതവീക്ഷണത്തിലാണോ നാം വിശ്വസിക്കുന്നത് ? വിശ്വാസത്തോടു ചേർന്നുള്ള പ്രവൃത്തിയാണ് ദൈവത്തോടും വചനത്തോടുമുള്ള പൂർണ്ണമായ അനുസരണം.

വചനം കേൾക്കുവാനും അതനുസരിച്ചു ജീവിതത്തിൽ മുന്നേറുവാനുമാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. പൗലോസ് പറയുന്നതുപോലെ, നമ്മെ ഓരോരുത്തരെയുംകുറിച്ചുള്ള വിളിയാലുള്ള ആശ എന്താണ് എന്നുള്ളത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

എഫെസ്യർ 1:18-19
18 **അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ**
19 **വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു.**

ശരിയാണ്, അങ്ങനെനോക്കിയാൽ ഏതൊരുമനുഷ്യനും എന്തിനെയെങ്കിലും ആഴത്തിൽ വിശ്വസിക്കുന്നുണ്ടാവും (ഒരുപക്ഷേ അതു മതമാവാം രാഷ്ട്രീയമാവാം culture കളാവാം അന്ധവിശ്വാസങ്ങളാവാം), ഏതിൽ വിശ്വസിക്കുന്നു എന്നതാണ് വിശ്വാസി എന്ന പേരുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ യേശുക്രിസ്തുവിലാണ് നാം വിശ്വസിക്കുന്നതെങ്കിൽ, അതുകേവലം വിശ്വാസത്തിന്റെ പേരിൽ നിറുത്തേണ്ടുന്ന ഒന്നല്ല പ്രത്യുത, യേശുക്രിസ്തുവിനോടുള്ള അനുസരണയിൽ അനുനിമിഷവും വളരേണ്ടുന്ന അനുഭവമാണ്. ക്രിസ്തുവിലുള്ള ഒരുവന്റെ അനുസരണം അവനെക്രിസ്തുവിൽ വളർത്തും. പരിശുദ്ധാത്മാവിന്റെനിറവും അവനുള്ളതാണ്.

ചുറ്റുപാടും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന വസ്തുതകളെ നോക്കുക, ആഗ്രഹ നിവൃത്തിക്കായി ഇന്നും പോരാടിക്കൊണ്ടിരിക്കുന്നവരെ നോക്കുക, അവർ പുതിയ വിശ്വാസികളോ അന്യ മതങ്ങളിൽനിന്നും ഇന്നലെകളിൽ വന്നവരോ അല്ല. യേശുവിനെ പിന്നാലെയാണ് ഞാൻ എന്ന് ചിന്തിക്കുന്ന 'സ്വയം പ്രഖ്യാപിത വിശ്വാസികൾ' മാത്രമായി ഒതുങ്ങിക്കൂടുകയാണവർ. അവരുടെ ജീവിതങ്ങളെ നോക്കൂ, ചില ഊഹാപോഹങ്ങൾ മാത്രമാണ് അവർക്കു ദൈവവുമായുള്ള ഇന്നത്തെ അനുഭവങ്ങൾ. കഴിഞ്ഞ കാലങ്ങളിൽ അവർ സിംഹത്തെയും കരടിയെയും ഒരു ദാവീദിനെപ്പോലെ നേരിട്ടിട്ടുണ്ടാവാം, എന്നാൽ ഇന്നോ? അവർ കഴിഞ്ഞ കാലങ്ങളിൽ നേരിട്ട സംഭവങ്ങളിലെ കഥാപാത്രങ്ങളുടെ ഓർമ്മകളായി അവർ ഇന്നും തങ്ങളുടെ ജീവിതം തുടരുന്നു.

പ്രിയ സുഹൃത്തേ, ആഗ്രഹത്തിന്റെ ചിറകിൽ കയറി എങ്ങോട്ടെന്നറിയാതെ യാത്രയായ അനേകം ദാവീദുമാർ ഇന്ന് നമുക്കു ചുറ്റുമുണ്ട്. അവർക്കു കരടിയെവലിച്ചുകീറിയ കൈകളുണ്ട്, എന്നാൽ ഇന്ന്അവർ പ്രായാധിക്യം കൊണ്ടല്ല തകർന്നിരിക്കുന്നതു, പ്രത്യുത അവരുടെ ആഗ്രഹങ്ങൾ അവരുടെകൈകളെ തളർത്തിയിരിക്കുന്നു. നിനവേ മറന്ന യോനമാരും, സാഹചര്യങ്ങളിൽ പതറിപ്പോയ ശിംശോൻമാരും നമുക്കിടയിൽ ഉണ്ട്. മാനുഷികങ്ങളായ ആഗ്രഹങ്ങൾ നമ്മെ വേഗത്തിൽ നിശ്ചലമാക്കും. എന്നാൽ ദൈവരാജ്യത്തിന്റെ മർമ്മം ഗ്രഹിച്ചു ദൈവവചനത്തെ അനുസരിക്കുന്നവർ പാറമേൽ ഇപ്പോഴും നല്ല വീടുകൾ പണിയുന്നു. തന്റേതാക്കാനുള്ള വ്യഗ്രത അവനിലില്ല, അവൻ വീടുപണിയുകയും അനേകരെ വീടുപണിയിൽ സഹായിക്കുകയും ചെയ്യുന്നു. ദൈവത്തിന് വായ്പകൊടുക്കുന്ന അപ്രകാരം ചിലരും നമ്മുടെ കൂട്ടത്തിലുണ്ട്.

ദൈവത്തേക്കാളും വലുതായി ദൈവവേലയെ സ്നേഹിക്കരുത്. യേശുവിനേക്കാൾ വലുതായി യേശുവിനെക്കുറിച്ചുള്ള പ്രസംഗവും പ്രസംഗകനെയും സ്നേഹിക്കരുത്. ദൈവീക പദ്ധതികളെക്കാളപ്പുറമായി നന്മ ചിന്തിക്കരുത്. ഇവയിലെല്ലാം 'അരുത് അരുത്' എന്ന് പറയുവാൻ ഞാൻ നിയമദാതാവല്ല, എങ്കിലും ദൈവപൈതലായിത്തീരുക എന്ന ആ വലിയ പദവിയിൽ നിലനിൽക്കുവാൻ ഈ ജ്ഞാനം ആവശ്യമാണ്.

മനുഷ്യന്റെ സകലആഗ്രഹങ്ങളും ഇവയുടെ താഴെമാത്രം നിൽക്കട്ടെ. ഓർക്കുക, ആഴമുള്ളകിണറ്റിലെ വെള്ളം എപ്പോഴും രുചിയും തണുപ്പും നൽകും. എന്നാൽ ഉയർന്നുവരുന്ന തിരമാലയും മേലെനിന്നും പൊഴിയുന്ന മഴയും ഈ രുചിനൽകുകയില്ല. മനുഷ്യന്റെ ആഗ്രഹങ്ങൾക്ക് എല്ലായ്പ്പോഴും ദൈവത്തിന്റെ സഹായം ലഭിക്കുകയില്ല. ആദ്യം ചിന്തിച്ചവാക്യത്തിലേക്കു നമുക്കു മടങ്ങിവരാം.

രാത്രിമുഴുവനും മീൻപിടുത്തതിൽ അധ്വാനിക്കുകയും ക്ഷീണിക്കുകയും ചെയ്തവനാണ് പത്രോസ്. പക്ഷേ ആഅധ്വാനങ്ങളെല്ലാം യേശുവിനെ കൂടാതെയുള്ളതായിരുന്നു. യേശുവിനെക്കൂടാതെയുള്ള അദ്ധ്വാനങ്ങൾ നിഷ്ഫലമാണ്. പലർക്കും ക്രിസ്തീയത ഒരു മതവും അതിൽ ശുശ്രൂഷചെയ്യുന്നവർ മത മേലധ്യക്ഷന്മാരുമാണ്.

മതത്തിനു ഒരുനാളും ഒരുവ്യക്തിക്കും ജീവൻ പകരുവാൻ കഴിയുകയില്ല. കാരണം, മതത്തിനുജീവനില്ല. ജീവൻപ്രാപിക്കുവാൻ ക്രിസ്തുവിലേക്കാണ് നാം ചെല്ലേണ്ടുന്നത്. മതത്തിന്റെ ആഗ്രഹങ്ങളിൽ സന്തോഷിക്കുന്നവരാണ് ആ കൂട്ടത്തിൽ ഉണ്ടാവുക. അവർക്കു ക്രിസ്തുവിൽ സന്തോഷിക്കുവാൻ കഴിയുകയില്ല. അവർ യേശുവിന്റെ നാമം അനേകം തവണ ഉരുവിട്ടേക്കാം എന്നാൽ അതിൽ യേശു ഉണ്ടാവുകയില്ല.

മീൻപിടുത്തക്കാരനായ പത്രോസിനെ സംബന്ധിച്ചിടത്തോളം രാവും പകലും ഒരേപോലെ അദ്ധ്വാനിക്കാൻ കഴിയുന്ന അവസരങ്ങളുള്ള ഇടമാണ് കടൽ. എന്നാൽ രാത്രിയിൽ, തന്റെ പൂർണ്ണഅദ്ധ്വാനം മുഴുവനും മീൻപിടുത്തതിൽ നൽകിയിട്ടും ഒന്നും ലഭിക്കാതെ അദ്ദേഹം നിരാശനായിത്തീരുന്നു. രാവിലെ മീൻവലകഴുകുമ്പോഴും തന്റെ ആഗ്രഹം ലഭിക്കാതെപോയ മീനുകളോടു തന്നെയായിരുന്നു. തുടർന്നു യേശു ആ പടകിലേക്കുകയറുന്നതു നാം കാണുന്നു. പത്രോസിനോടുള്ള യേശുവിന്റെ സംഭാഷണത്തിൽ യേശു ഉന്നൽകൊടുത്തു പറഞ്ഞ കാര്യംശ്രദ്ധിക്കുക "ആഴത്തിലേക്കു നീക്കി മീൻപിടുത്തതിനു വല ഇറക്കുവിൻ" ഇതായിരുന്നു ആ വാക്കുകൾ. അങ്ങനെലഭിച്ച മീൻകൂട്ടം, തന്റെ പടകിലേക്കുവന്നുകഴിയുമ്പോൾ പത്രോസിന്റെ ഹൃദയത്തിൽ ഒരു ശൂന്യത ഉണ്ടാവുന്നു (വാക്യം 7 - 9). അതായത് ലഭിച്ച മീനുകളിൽ തൃപ്തനാവാത്ത അവസ്ഥ. ആ അതൃപ്തി അഥവാ ശൂന്യത ഇനിയും മീനുകളെവേണം എന്ന ഒരുചിന്തയിൽനിന്നും വന്നതല്ല. മറിച്ചു, തന്റെ ആഗ്രഹങ്ങൾക്ക് 'ഒരു അപ്പുറ'മുണ്ടെന്നു യേശു കാണിച്ചുകൊടുത്ത സമയങ്ങളായിരുന്നു അത്. തന്റെ ഹൃദയത്തിൽവന്ന ആ ശൂന്യത യേശു നൽകിയ സ്വർഗ്ഗീയആഗ്രഹത്തിലേക്കുള്ളദാഹമായിരുന്നു. മീനുകൾക്കുപകരം ഇനി മനുഷ്യർ. നഷ്ടപെട്ടുപോകുന്നമനുഷ്യരെ ദൈവത്തിനായി നേടുക. യേശുവിന്റെആഗ്രഹം ഇതാ പടകിൽവച്ചുതന്നെ പത്രോസിലേക്കു പകരപ്പെടുന്നു!

പത്രോസിന് അധികം കഷ്ടം അനുഭവിക്കാതെ എല്ലാദിവസവും മീനുകളെ കൊടുക്കണം എന്നതായിരുന്നു യേശുവിന്റെ ഉദ്ദേശമെങ്കിൽ, യേശു ഒരു 'അത്ഭുത വല' പത്രോസിനു നൽകുമായിരുന്നു. എന്നാൽ യേശു അതല്ല ചെയ്തത്, പ്രത്യുത, യേശു പത്രോസിന്റെ ആഗ്രഹത്തെയും (ഉപജീവനത്തിനായുള്ള മീൻപിടുത്തം) ആ ആഗ്രഹത്തിനു ചെന്നെത്തുവാൻകഴിയുന്ന ഏറ്റവും വലിയ തലത്തേയും കാട്ടിക്കൊടുത്തുകൊണ്ട്, എന്നാൽ അവയേക്കാൾ ശ്രേഷ്ഠമേറിയ

തേജസ്സിന്റെ ശുശ്രൂഷ പത്രോസിന്റെമേൽ യേശു നൽകുകയും ചെയ്തു. ഒറ്റവാക്കിൽപറഞ്ഞാൽ യേശുവിന്റെ ആഗ്രഹത്തെ യേശു, പത്രോസിന്റെ ആഗ്രഹമാക്കി മാറ്റി. നോക്കുക, മനസാന്തരത്തിന്റെയും ഉയർന്ന തലമാണ് യേശു പത്രോസിനു ആ പടകിൽവച്ചു നൽകിയത്.

നഷ്ടപ്പെട്ടുപോയതിനെതിരഞ്ഞുരക്ഷിപ്പാൻ ഏകരക്ഷകനായ യേശു (യേശു എന്നവാക്കിനർത്ഥം യഹോവ രക്ഷിക്കുന്നു) ഈ ഭൂമിയിലേക്ക് മനുഷ്യരൂപത്തിൽവന്നു എന്ന സത്യവും ദർശനവും അതേചൂടിൽ പത്രോസിലേക്കു പകരുവാനായിരുന്നു, ലഭിച്ച പെരുത്ത മീൻകൂട്ടം ഒരു കാരണമാക്കി യേശു പത്രോസിനെവിളിച്ചത്. ഒരുപക്ഷെ ഈപകർച്ചയുടെ ശക്തിയാലാവണം യേശു "ജനങ്ങൾ എന്നെ ആരെന്നുപറയുന്നു , നിങ്ങളോഎന്തു പറയുന്നു " എന്നു ചോദിക്കുമ്പോൾ "നീ ജീവനുള്ളദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്ന് പത്രോസ് ഉത്തരംപറഞ്ഞത്. ഓർക്കുക, പ്രതിസന്ധിയുടെയും നഷ്ടത്തിന്റെയും മധ്യത്തിലായിരുന്നാലും ദൈവത്തിനു നമ്മുടെമേൽ പ്രവൃത്തിക്കുവാൻ കഴിയും.

നിർഭാഗ്യവശാൽ നാമും ചിലപ്പോഴൊക്കെ പ്രാർത്ഥിക്കുന്നത് ‘അത്ഭുതം മാത്രംചെയ്യുന്ന മീൻവലകൾ’ ലഭിക്കുവാനാണ്. പത്രോസിനെ നോക്കുക, ലഭിച്ച സകലമീനുകളെയും ഒപ്പം വലയെയും അദ്ദേഹംഉപേക്ഷിക്കുന്നു. പ്രിയ സ്നേഹിതാ, പത്രോസ് വേണ്ട എന്ന് വച്ച വലയാണ് നാം പോയി മിനക്കെട്ടു ശരിയാക്കുവാൻ ശ്രമിക്കുന്നത്. വിരുതന്മാരാകട്ടെ പുതിയ വലകൾക്കായി പ്രാർത്ഥിക്കുകയുംചെയ്യുന്നു. കാരണം, യേശുവിന്റെ ആഗ്രഹം എന്റെയും നിങ്ങളുടെയും ആഗ്രഹങ്ങളായി മാറുന്നില്ല എന്നതുതന്നെ.

ദൈവത്തിന്റെ ആലയത്തിൽ വസിക്കുന്നവർക്കുള്ള ഭാഗ്യാവസ്ഥകളെക്കുറിച്ചു നാം സങ്കീർത്തനത്തിൽ വായിക്കുന്നു.(PSALMS 84:4) അതെ, ദൈവത്തിന്റെ സന്നിധിയിൽ വസിക്കുമ്പോൾ ആ ദൈവീക സാന്നിദ്ധ്യം നമ്മെ മൂടുന്നു. ഹൃദയം സ്തോത്രത്താലും സ്തുതികളാലും നിറഞ്ഞുകവിയുകയും ചെയ്യുന്നു. എന്നാൽ ആവാക്കുകൾക്ക് മറ്റുചില അർത്ഥ തലങ്ങൾക്കൂടി ഇല്ലേ ? ദൈവത്തിൽആലയത്തിൽ വസിക്കുന്നവർ ‘ദൈവത്തിന്റെ ആഗ്രഹത്തിൽകൂടി വസിക്കേണ്ടിയതല്ലയോ’ ?

അതായത്, ആലയത്തിന്റെ സ്ഥാനം മാറിയാലും ആലയം കുലുങ്ങിയാലും നാം ദൈവത്തിന്റെ ആഗ്രഹത്തിൽ വസിച്ചാൽ ഈ ഭൂമിയിൽ ദൈവയിഷ്ടം ചെയ്യുവാൻ നമുക്കു കൃപലഭിക്കും. മതത്തെക്കുറിച്ചുള്ള എരിവും അറിവുമില്ല പ്രത്യുത, ദൈവത്തിന്റെ ആഗ്രഹത്തിൽ എപ്പോഴും നിലനിൽക്കുകയും ജീവിക്കുകയും ചെയ്യുക എന്നതായിരിക്കണം ദൈവപൈതലിന്റെ ആഗ്രഹം.

പ്രിയ സ്നേഹിതരേ, ജീവിതത്തിൽ തോറ്റവരും തകർന്നവരുമാണ് ഭൂരിഭാഗം ക്രിസ്തുവിശ്വാസികളും (പുറമെ അവർ അതു കാണിക്കുന്നില്ല എന്ന് മാത്രം). എന്നാൽ തോൽവിയുടെയും തകർച്ചയുടെയും ഇല്ലായ്മയുടെയും ഒറ്റപ്പെടലിന്റെയും ക്ഷീണത്തിന്റെയും രാത്രിയിൽനിന്നും, ശ്രേഷ്ഠമേറിയ സ്വർഗ്ഗീയ വിളിയിലേക്കു യേശുവിനോടൊപ്പം നടന്നുനീങ്ങിയ പത്രോസിനെപ്പോലെ ദൈവീക ആഗ്രഹങ്ങളിലേക്കു ദൈവം എന്നെയും നിങ്ങളെയും വിളിക്കുന്നു. ദൈവം തന്നിലേക്കു തന്റെ മക്കളെ വിളിക്കുന്നതും ആകർഷിക്കുന്നതും ആരാവാരങ്ങളോടുകൂടെയല്ല പ്രത്യുത, സൗമ്യതയോടുകൂടിയാണ്. പത്രോസിന്റെ ആഗ്രഹങ്ങളെ നോക്കുക അവ അതിൽത്തന്നെ പരിമിതങ്ങളാണ്. സ്വതവേ നമ്മുടെ ആഗ്രഹങ്ങളും അപ്രകാരമാണ്. അതായതു, ഭൂമിയിലെ ശതകോടിപതികളുടെയും ആഗ്രഹം ഈ ലോകത്തിന്റെ സുഖസൗകര്യങ്ങളോടുകൂടി ഒതുങ്ങിപ്പോകും. എന്നാൽ ഒരു യഥാർത്ഥ ആത്മമനുഷ്യനായി വളരുവാനും ഈ ഭൂമിയിൽ തന്റെ അവസാന നാളുവരെയും ദൈവത്തിന്റെയൊപ്പം നടക്കുവാനും ആ അവസാനദിനത്തിനുശേഷം നിത്യമായും സ്വർഗീയകൂടാരങ്ങളിൽ പാർക്കുവാനും ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

നോക്കൂ, പത്രോസിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ യേശു കുറച്ചുകാണുകയോ അവയെ പരിഹസിക്കുകയോ ചെയ്തില്ല. എന്നാൽ പത്രോസിന്റെ ആഗ്രഹങ്ങളുടെ പരിമിതികളെ യേശു തുറന്നുകാണിച്ചതു പത്രോസിന്റെ ആഗ്രഹനിവൃത്തിയിലൂടെയാണ്! അസാധാരണം എന്നുതോന്നുംവിധമായിരുന്നു യേശു പത്രോസിന്റെ ആഗ്രഹങ്ങളെ തിരുത്തിയത്. മാനുഷിക ആഗ്രഹങ്ങളുടെ ചുഴിയിൽനിന്നും പത്രോസ് എന്ന സാധാരണമനുഷ്യൻ ദൈവീകപദ്ധതിയുടെ അസാധാരണ പദവികളിലേക്കു ഇപ്രകാരമാണ് ഉയർത്തപ്പെട്ടത്. നമ്മെയും ദൈവം വിളിക്കുന്നത്, നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായാണ്.

എഫെസ്യർ 3 : 20-21
20 **എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു**
21 **സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ ആമേൻ**.

നാം ആദ്യം സൂചിപ്പിച്ചതുപോലെ മനുഷ്യരുടെ ഏതൊരു ആഗ്രഹത്തിനും അവയുടെ നാളിൽ സുഖമോ നിരാശയോ പ്രതിഫലമായി ലഭിക്കും. എന്നാൽ നമ്മുടെ ആഗ്രഹം നാം ദൈവത്തിന്റെ ആഗ്രഹവുമായി EXCHANGE ചെയ്യുവാൻ തയ്യാറായാൽ ഈ ഭൂമിയിലെ സകല ജ്ഞാനത്തെയും ധനത്തെയും സുഖത്തെയും ഉന്നതിയെയും നന്മയെയുംകവിയുന്ന യഥാർത്ഥ ദൈവീക അനുഭവത്തിലേക്കു നമ്മെ ദൈവം കൊണ്ടെത്തിക്കും.

യിരേമ്യാവു 29:11
നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു.

പൗലോസ് ഇപ്രകാരം ദൈവാത്മാവിനാൽ പറഞ്ഞു :
റോമർ 1 : 16
സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനവന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ

കാരണം, പൗലോസിനു ദൈവം നൽകിയ സുവിശേഷം തന്റെമേൽ ദൈവശക്തിയായിത്തീർന്നിരുന്നു. ദൈവവചനം ഒരു മടുപ്പായാണോ അതോ ദൈവശക്തിയായാണോ നാം ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ?

നമ്മുടെ ആഗ്രഹങ്ങളെയാണ് നാം എന്നും താലോലിക്കുന്നതെങ്കിൽ, ദൈവീകവചനത്തിനും ദൈവീകകാഴ്ചപ്പാടിനും ദൈവീകവഴികൾക്കും അവ തടസ്സമായി എന്നും നിലകൊള്ളുകതന്നേ ചെയ്യും.

നമ്മുടെ ആഗ്രഹങ്ങളെ ദൈവത്തിങ്കലേക്കു നമുക്ക് പകരാം. നാളേക്കായി മാറ്റിവയ്ക്കുവാൻ കഴിയാത്തവണ്ണം ദൈവത്തിന്റെ ആഗ്രഹങ്ങൾ നമ്മുടെമേൽ ഇന്നു നിറയട്ടെ. ദൈവീക ആഗ്രഹങ്ങളെ ചുമക്കുന്നവർ ഒരിക്കലും മടുക്കുകയില്ല, അവർ പിന്തിരിഞ്ഞോടുകയില്ല, അവർ എപ്പോഴും ദൈവത്തെ സ്വതവേ സ്തുതിക്കുന്നവരായിത്തീരും. യഥാർത്ഥ ആരാധനാ ജീവിതത്തിന്റെ തുടക്കമാണ് നാം അവിടെ കാണുന്നത്. ദൈവത്തോടുകൂടെ നടന്നുകൊണ്ടു ദൈവീക ആഗ്രഹങ്ങളിൽ നിന്നുകൊണ്ടുള്ള ആരാധനയാണ് ദൈവം അന്നും ഇന്നും എന്നും സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നത്.

ദൈവീക ആഗ്രഹങ്ങൾ നമ്മിൽ വേരുറപ്പിക്കുമ്പോൾ പ്രകൃതമായതും ജഡികമായതും മാനുഷികമായതും തത്വചിന്തയാലുള്ളതും മതചിന്തയാലുള്ളതുമായ ബന്ധനങ്ങൾ നമ്മിൽ നിന്നു പൊട്ടിമാറും. അപ്രകാരം മുന്പോട്ടുനീങ്ങുന്നവരെ പരിശുദ്ധാത്മാവ് എന്ന സഹായകൻ വഴിനടത്തുകയും ആത്മാവിന്റെ നീരോട്ടത്തിൽ നിത്യതയോളം പരിപാലിക്കുകയുംചെയ്യും. ഈ അനുഭവത്തെ ദൂരെനിന്നോ വളരെ അടുത്തോ ദർശിച്ച ദൈവദാസർ ഇപ്രകാരം അവരുടെ വാക്കുകളെ കുറിച്ചു:

സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം
സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻഹിതംചെയ്തോനാം നിൻ സുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻ ഹിതം ചെയ്വാൻ

എൻ ദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നിടുന്നേ ഞാൻ ഇന്ന് മോദമായ്
എന്റെ ഇഷ്ടമൊന്നും വേണ്ട പ്രിയനേ
അങ്ങേ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണേ

കുരിശിൽ തൂങ്ങി നമുക്കായി മരിച്ച യേശുവിനോട് നമുക്കു പ്രാർത്ഥിക്കാം. ദൈവപുത്രൻ കാണിച്ചുതന്ന മാതൃകയെക്കാളും മറ്റൊരു മാതൃക നമുക്കു ഭൂമിയിൽ ലഭ്യമാവുകയില്ല!

അൻപിൻ രൂപി യേശുനാഥാ
നിന്നിഷ്ടം എന്നിഷ്ടമാക്ക
കുരിശിൽ തൂങ്ങി മരിച്ചവനേ
എന്നെ തേടി വന്നവനേ

-ജിബി തോമസ്

"ചോദ്യങ്ങളും ഉത്തരങ്ങളും"

1 . **യാതൊരു ലക്ഷ്യബോധവും ഇല്ലാതെയാണോ നിങ്ങളുടെ ക്രിസ്തീയജീവിതം മുൻപോട്ടുപോവുന്നത്** ?

2 . **പ്രതീക്ഷിച്ച ആത്മീയ അനുഭവങ്ങളുടെ അഭാവമാണോ നിങ്ങളിലെ ശൂന്യതയ്ക്കു കാരണം** ?

3 . **തോൽപിക്കണം എന്നാഗ്രഹിച്ചിട്ടും ജയിക്കുവാൻ കഴിയാത്തവണ്ണം സ്വയം എന്ന ജഡസ്വഭാവത്തെ മരിപ്പിക്കുവാൻ കഴിയാത്തവരാണോ നിങ്ങൾ** ?

4 . **ഇത്രയെല്ലാംപ്രാർത്ഥിച്ചിട്ടും സ്വർഗ്ഗീയ സമാധാനം ലഭിക്കാത്ത സമയങ്ങളിലൂടെയാണോ നിങ്ങൾ കടന്നുപോവുന്നത്** ?

5 . **എത്ര പ്രാർത്ഥിച്ചിട്ടും തീരാത്ത സംശയങ്ങളാണോ നിങ്ങളുടെ എതിരാളി** ?

6 . **ജീവിതത്തിലെപാളിച്ചകൾ ഓർത്തുകൊണ്ട് ഇന്നും തേങ്ങുന്നവരാണോ നിങ്ങൾ** ?

7 . **ഉപവസിച്ചും പ്രാർത്ഥിച്ചും ജീവിതം എങ്ങനെയൊക്കെയോ തള്ളിനീക്കുന്നവരാണോ നിങ്ങൾ** ?

8 . **മടുപ്പുകളുംആത്മീയ മന്ദതകളും നിങ്ങളുടെ കൂട്ടാളികളാണോ** ?

9 . **കർത്താവിനായി യാതൊന്നും ചെയ്യുവാൻ കഴിയുന്നില്ല എന്ന തോന്നലിലാണോ ഇന്നും നിൽക്കുന്നത്** ?

10 . **കർത്താവിൽനിന്നും ഒളിച്ചോടുന്ന അനുഭവത്തിലാണോ നിങ്ങൾ** ?

പത്രോസ് 2 : 19(b)
ഒരുത്തൻ ഏതിനോടു തോല്ക്കുന്നുവോ അതിന്നു അടിമപ്പെട്ടിരിക്കുന്നു.

ഒരു ക്രിസ്തീയവിശ്വാസിക്കു മാത്രമേ തന്റെ മുൻപിലെ സകല പരാജയങ്ങളെയും ക്രിസ്തുവിലൂടെ വിജയങ്ങളാക്കിത്തീർക്കുവാൻ കഴിയുകയുള്ളൂ. കാരണം നാം വിശ്വസിക്കുന്ന യേശു, സകലത്തെയും നിർമ്മിച്ചവനും ജയിച്ചവനും സകലത്തിന്റെമേലും അധികാരമുള്ള ദൈവവമായതുകൊണ്ടാണ് നമുക്കു ഈ ജയജീവിതം നയിക്കുവാൻ കഴിയുന്നത്. ഇതാണ് ഒരു ദൈവപൈതലിനു ഈ ഭൂമിയിൽ ലഭിക്കുന്ന ഏറ്റവും ശക്തമായ ഉയർച്ച. കാരണം വചനം പറയുന്നപോലെ, യേശു തന്റെ മുൻപിൽ വച്ചിരുന്ന അപമാനം അലക്ഷ്യമാക്കി, നമ്മുടെ സകല പാപങ്ങയുടെയും പരിഹാരത്തിനും നമ്മുടെ വീണ്ടെടുപ്പിനുമായി ഒരിക്കലായി മരിക്കുകയും മൂന്നാംനാൾ മരണത്തെ ജയിച്ചുകൊണ്ടു മരിച്ചവരെയിടയിൽനിന്നും ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. പിതാവാം ദൈവം അവനെ സകലത്തിനും അവകാശിയാക്കി ഉയർത്തിയുമിരിക്കുന്നു. ഈ അനുഭവമാണ് ഓരോ ദൈവപൈതലിന്റെയും വിശ്വാസജീവിതത്തിനാധാരം.

ഇപ്പോൾ നമ്മുടെ മുൻപിലുള്ള പ്രതികൂലങ്ങളെ നോക്കുക. അവ മേൽപ്പറഞ്ഞ ഏതെങ്കിലും ആത്മീയ വിഷയങ്ങളാവാം, അവയെ ജയിക്കുവാൻ നമുക്കു ഇപ്പോൾ ആവശ്യമായിരിക്കുന്നതു സത്യവചനത്തിൽനിന്നുള്ള ബോധ്യങ്ങളാണ്. ഈ ബോധ്യങ്ങൾ നമ്മിൽ ശക്തിപ്പെടുമ്പോൾ പ്രതികൂലം എന്ന് നാം വിധിയെഴുതിയ സകലത്തിന്മേലും കർത്താവാം ദൈവം നമുക്കു വിജയം തരും.

ക്രിസ്തുകേന്ദ്രികൃതമായ വചന/ആത്മീയ ബോധ്യങ്ങളിൽനിന്നു നോക്കുമ്പോൾ മാത്രമേ ഭൂമിയിലെ മനുഷ്യർക്കു ഭൂമിയിലെ ആത്മീയജീവിതവും സ്വർഗ്ഗത്തിലെ തേജസ്സും തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. അല്ലാത്തപക്ഷം, ഒരുവൻ ഈ ഭൂമിയിൽ നട്ടും നനച്ചും കരഞ്ഞും കിണഞ്ഞുംകൊണ്ടു ജീവിക്കുകയും, ഭൂമിയിലെ ആത്മീയജീവിതത്തിലിന്റെ രുചിയറിയാതെ നിത്യതയിലേക്കു 'ഭൗമീകപ്രതീക്ഷകളു'മായി കുതിച്ചുചാടുകയുംചെയ്യും. നിർഭാഗ്യവശാൽ, രണ്ടാമതുപറഞ്ഞ അനുഭവത്തിലേക്കാണ് അധികം ക്രൈസ്തവരും ഇന്ന് നടന്നടുത്തുകൊണ്ടിരിക്കുന്നത്.

പുരപ്പുറത്തുള്ള അവരുടെ വാക്കുകൾ മുഴുവനും കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ചാണെങ്കിലും അറയിലുള്ള അവരുടെ സംസാരങ്ങളും നിശ്വാസങ്ങളും കയ്പ്പിലും കലർപ്പിലും അവിശ്വാസത്തിന്റെ അണക്കെട്ടുകളാലും നിറഞ്ഞവയാകുന്നു. ഈ സ്ഥിതിക്കുള്ള ഒരു മാറ്റം വിദൂരത്തുനിന്നും പ്രതീക്ഷിച്ചുകൊണ്ടാണ് ഈ കുറിപ്പു തയ്യാറാക്കുന്നത്.

ആരെയാണ് ദൈവം ഉറ്റുനോക്കുന്നത് ? വചനം പറയുന്നു, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. അതുപോലെ മുകളിൽ അക്കമിട്ടെഴുതിയിരിക്കുന്ന ഏതെങ്കിലുമാണ് അല്ലെങ്കിൽ അവയ്ക്കു സമാനമാണ് നിങ്ങളുടെ പ്രതികൂലങ്ങളെങ്കിൽ അവയ്ക്കു മറുപടിനൽകുവാൻ ദൈവം ഇന്നും ഒരുക്കമാണ്. അതിലേക്കു വെളിച്ചം വീശുവാനുള്ള ചില ചിന്തകളും ആത്മീയ ബോധ്യങ്ങളുമാണ് തുടർന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് എല്ലാ ആത്മീക വിഷയങ്ങൾക്കുമുള്ള ഒറ്റമൂലി എന്നു ലേഖകൻ അവകാശപ്പെടുന്നില്ല. നാം ദൈവത്തിന്റെതാകകൊണ്ടു ദൈവം തന്നെയാണ് അഥവാ ദൈവം മാത്രമാണ് നമ്മുടെ ഉത്തരം. എന്നിരുന്നാലും വിശ്വാസജീവിതത്തിൽ ആത്മീയബോധ്യങ്ങൾക്കു സ്ഥാനം ഉള്ളതുകൊണ്ട് ചെറിയ ചിന്തകൾ ചുരുക്കം വാക്കുകളിൽ പങ്കുവയ്ക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. വിശ്വസിക്കുന്നവരുടെമേൽ വ്യാപരിക്കുന്ന ദൈവത്തിന്റെ അത്യന്തശക്തി എല്ലാവരുടെയും മേൽ പകരുവാൻ ഇടയായിത്തീരട്ടെ.

1. **യാതൊരു ലക്ഷ്യബോധവും ഇല്ലാതെയാണോ നിങ്ങളുടെ ക്രിസ്തീയജീവിതം മുൻപോട്ടുപോവുന്നത്** ?

യോഹന്നാൻ 6:44
എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടില്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും.

നാം യേശുവിൽ നാളിതുവരെ വിശ്വസിച്ചതും പ്രാർത്ഥനയോടും യാചനയോടുംകൂടെ ദൈവസാന്നിദ്ധ്യത്തിൽ വന്നതും ദൈവം നമ്മെ സ്നേഹിച്ചതുകൊണ്ടും നമ്മെ വിളിച്ചതുകൊണ്ടും മാത്രമാണ്. ആ വിളി മുഴങ്ങിക്കേൾക്കുന്നത് നമ്മുടെ ആത്മാവിലാണ്. വിളിച്ച സമയമോ നാം ഉരുവാകുംമുമ്പേ ആണ്.

നമ്മുടെ ക്രിസ്തീയജീവിതത്തിന്റെ ആദ്യനാളുകളിൽ നാമും ദൈവവുംതമ്മിൽ അഭേദ്യമായൊരു ബന്ധമുണ്ടായിരുന്നു. ഏതുനേരത്തും പ്രത്യേകാൽ ചില നിർണ്ണായക ഘട്ടങ്ങളിലും നാം ദൈവത്തിൽ അധികമായി ചാരിയിരുന്നു. യഥാർത്ഥ ആശ്രയത്തിന്റെ വില നമുക്കന്ന് അറിയാമായിരുന്നു. എന്നാൽ പിന്നീട് എന്താണ് സംഭവിച്ചത് ? ദൈവത്തിൽനിന്നും നാംപോലും അറിയാതെ നാം അകന്നുപോയിരിക്കുന്നു. അവയ്ക്കു പിന്നിൽ ചില കാരണങ്ങളും ഉണ്ടാവാം. ചിലതുമാത്രം താഴെ പ്രസ്താവിക്കുന്നു.

1.ദൈവത്തെ ചില ആവശ്യങ്ങൾക്കുവേണ്ടി മാത്രം ആശ്രയിക്കുന്നതായി നമ്മുടെ ക്രിസ്തീയ ജീവിതം മാറി.
2.ദൈവത്തോടും തിരുവചനത്തോടുമുള്ള അകൽച്ച.
3.ദൈവ വചനം കേൾക്കാനുള്ള താൽപര്യക്കുറവ്.
4.അടിക്കടിയുണ്ടായ ജീവിതത്തിലെ പരാജയങ്ങളും ഉത്തരം ലഭിക്കാതെപോയ പ്രാർത്ഥനകളും.
5.ദൈവത്തോടുകൂടെയുള്ള സമയത്തേക്കാളും ശ്രേഷ്ഠമേറിയതെന്നു ചിന്തിച്ചുപോവുന്ന SOCIAL MEDIA കളും വ്യക്തികളും കടന്നുവന്നത്.
6.തിരക്കുകൾ ജീവിതത്തിൽ കയറിക്കൂടിയത്.
7.ദൈവരാജ്യത്തിൽ പ്രത്യേകിച്ചൊന്നും തനിക്കു ചെയ്യുവാനില്ല എന്ന തോന്നൽ.
8.വ്യക്തിപരമായ ദൈവീകപദ്ധതിയുടെ / വിളിയുടെ അർത്ഥമറിയാതുള്ള അലച്ചിൽ.

എന്തുകൊണ്ടാണ് പൗലോസ്, തനിക്കുണ്ടായിരുന്ന ലോക ജ്ഞാനത്തെയുൾപ്പെടെ ചപ്പെന്നും ചവറെന്നും എണ്ണി തള്ളിക്കളഞ്ഞത് ? കാരണം, ദൈവീകജ്ഞാനം തന്റെമേൽ വന്നപ്പോൾ പൗലോസിന് ഒരുകാര്യം മനസ്സിലായി, താൻ സ്വരുകൂട്ടിയിരിക്കുന്ന ഈ ലോകജ്ഞാനത്തെ താൻ ഇപ്പോൾ തള്ളിക്കളഞ്ഞില്ലെങ്കിൽ ഏറെ താമസിക്കാതെ ഈ ലോകജ്ഞാനം എന്നെ ചപ്പെന്നും ചവറെന്നും എണ്ണി തള്ളിക്കളയും! കേവലം ജ്ഞാനത്തെക്കുറിച്ചു മാത്രമല്ല. ഭൗമികവും ലോകപ്രകാരമുള്ളതുമായ സകലത്തെയും (ദൈവത്തിന്റെ സ്നേഹത്തിൽനിന്നും തന്നെ വേർപിരിക്കുന്ന സകലവും തന്നേ.).

നാമൊരിക്കലും ACCIDENTLY ഈ ഭൂമിയിലേക്ക് വന്നു പതിച്ചവരല്ല. നമ്മെ ദൈവം ജനിപ്പിച്ചും ജീവിപ്പിച്ചും വഴിനടത്തിയുമാണ് ഈ നിമിഷംവരെ നാം ആയിരിക്കുന്നത്. നാം ജനിച്ചതിലും ഇതുവരെ ജീവിച്ചതിലും ഇനിമേലിൽ ജീവിക്കുന്നതിനും കാരണം ദൈവമാണ്. ഈ ജീവിതത്തിനൊരു ലക്ഷ്യമുണ്ട്, അതു ഓരോ നിമിഷവും അതിന്റെതായ വഴികളിലും അളവുകളിലും ദൈവത്തിന്റെ മഹത്വമായി നാം തീരുക എന്നതാണ്.

ദൈവത്തിന്റെ മഹത്വമായി ഒരു മനുഷ്യൻ തീരുക എന്നത് ഒരു ദൈവത്തിനു നമ്മെക്കുറിച്ചുള്ള കാര്യപരിപാടിയിലെ പൊതുസ്വഭാവം മാത്രമാണ്. അഥവാ, നമ്മെക്കുറിച്ചുള്ള COMMON CALLING മാത്രമാണ്. ഈ COMMON CALLING ന്റെ ഉള്ളിലാണ് നമ്മെ ഓരോരുത്തരെയുംകുറിച്ചുള്ള വ്യക്തിപരമായ ദൈവീക നിർണ്ണയം (INDIVIDUAL CALLING) ഉള്ളത്. ആ CALLING അഥവാ ദൈവ വിളിയെ തിരിച്ചറിഞ്ഞു അതിലേക്കു എത്തിച്ചേരുവാനും വ്യക്തിപരമായ ദൈവീക അനുഭവങ്ങളും കൂട്ടായ്മകളും ആവശ്യമാണ്. നാം ദൈവത്തെയല്ല ദൈവം നമ്മെയാണ് തിരഞ്ഞുപിടിക്കുന്നതു. അതുകൊണ്ടു ദാഹിക്കുന്ന ഏവരുടേയും ജീവിതത്തിലേക്ക് ഈ വ്യക്തിപരമായ CALLING നെ വെളിപ്പെടുത്തുവാൻ ദൈവം എന്നും ആഗ്രഹിക്കുന്നു. തുറന്ന മനസ്സു മാത്രമാണ് ദൈവം അതിനായി ചോദിക്കുന്നത്.

പ്രാർത്ഥനയിലും വചന ധ്യാനത്തിലും കൂട്ടായ്മ അനുഭവത്തിലും നമ്മെക്കുറിച്ചുള്ള വിളി ദൈവം നമ്മോടറിയിക്കും. എന്നാൽ, ഒറ്റവാക്കിലൂടെ ദൈവം നമ്മെ ഇന്നതാക്കും എന്നുള്ള ശബ്ദം നാം ദൈവത്തിൽനിന്നും കേൾക്കണമെന്ന് നിർബന്ധമില്ല. കാരണം ദൈവത്തിനു മുൻപിൽ തന്റെ മക്കളെല്ലാം UNIQUE ആണ്. ഓരോ പടികളിലൂടെയായിരിക്കാം ദൈവം നമ്മെ പണിതെടുക്കുകയും വിളിയിലേക്കു നമ്മെ എത്തിക്കുകയും ചെയ്യുന്നത്. ഇത് തുടർമ്മാനമായ ഒരു പ്രവൃത്തിയാണ്. അതിനാൽ ദൈവകൃപ സകലത്തിലും നമ്മോടു കൂടെയിരുന്നു ഈ വളർച്ച പ്രാപിക്കുവാൻ നമ്മെ സഹായിക്കും. ഇവിടെ നാം കേൾക്കുന്ന ദൈവ ശബ്ദമാണ് പരിശുദ്ധാവിന്റെ ഇമ്പസ്വരം. പ്രാഥമികമായ പാഠശാലകൾ ഇല്ലാതെ ആരും ഒരുനാളും ദൈവത്തിന്റെ പദ്ധതിയിലേക്ക് കയറുകയില്ല. പരിശുദ്ധാത്മാവിലുള്ള നമ്മുടെ ആശ്രയവും അനുസരണവുമാണ് ഇവിടെ ആ പാഠശാലയിലെ സമയത്തെ നിശ്ചയിക്കുന്നത്. ദൈവാത്മാവിനോടുള്ള അനുസരണ വിളിയിലേക്കുള്ള വേഗത വർദ്ധിപ്പിക്കും.

ആത്മീയ ജീവിതത്തിൽ ലക്ഷ്യവും വഴികളും തീരുമാനിക്കുന്നതു മനുഷ്യനല്ല. മറിച്ചു, അത് ദൈവമാണ് ചെയ്യുന്നത്. പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന ബോധ്യങ്ങളാണ് അവ.

റോമർ 11:36
സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം ആമേൻ

നിങ്ങളുടെ ആത്മീയജീവിതത്തിനു ലക്ഷ്യബോധം വരുത്തുക എന്നത് ദൈവാത്മാവിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ അത് പൂർണ്ണമായും ഏറ്റെടുക്കുക എന്നതും അതിൽ ജീവിക്കുക എന്നതും ദൈവം നമ്മിൽ ആഗ്രഹിക്കുന്ന വിശ്വാസത്തിന്റെ പ്രവൃത്തിയാണ്. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ.

2 **തെസ്സലൊനീക്യർ** 1 : 11 - 12
11 **അതുകൊണ്ടു ഞങ്ങൾ നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും കൃപയാൽ നമ്മുടെ കർത്താവായ യേശുവിന്റെ നാമം നിങ്ങളിലും നിങ്ങൾ അവനിലും മഹത്വപ്പെടേണ്ടതിന്നു**
12 **നമ്മുടെ ദൈവം നിങ്ങളെ തന്റെ വിളിക്കു യോഗ്യരായി എണ്ണി സൽഗുണത്തിലുള്ള സകലതാല്പര്യവും വിശ്വാസത്തിന്റെ പ്രവൃത്തിയും ശക്തിയോടെ പൂർണ്ണമാക്കിത്തരേണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു**.

അപ്രകാരം ദൈവത്തിലിന്റെ പരിശുദ്ധാത്മാവിനു നമ്മുടെ ജീവിതത്തിൽ ഇടപെടുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യം നാം കൊടുക്കുകയും ദൈവത്തിനായി ശോഭിക്കുവാൻ നാം തയ്യാറെടുക്കുകയും വിശ്വാസ ജീവിതത്തിനായി ദൈവകരങ്ങളിലേക്കു സമർപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിനു അർത്ഥവും ലക്ഷ്യബോധവും ദൈവാത്മാവ് നല്കിതരും. ഇതാണ് തന്റെ മക്കളിൽനിന്നു പിതാവാം ദൈവം ആഗ്രഹിക്കുന്നത്.

2 . പ്രതീക്ഷിച്ച ആത്മീയ അനുഭവങ്ങളുടെ അഭാവമാണോ നിങ്ങളിലെ ശൂന്യതയ്ക്കു കാരണം ?

ദൈവത്തെ ആഴമായി സ്നേഹിക്കുന്ന പല ദൈവമക്കളും ആത്മാർത്ഥമായും ദൈവത്തെ തങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചവരാണ്. കേവലം വാക്കുകളുടെയും ആശയങ്ങളുടെയും നിർവൃതികളുടെയും അപ്പുറമാണ് ദൈവവും അവരും തമ്മിലുണ്ടായിരുന്ന വർണ്ണനാതീതമായ കൂട്ടായ്മ. എന്നാൽ കാലം ചിലതുകഴിഞ്ഞപ്പോൾ കർത്താവിൽനിന്നും ആദ്യം ലഭിച്ച അനുഭവങ്ങൾ കുറഞ്ഞുപോയതായോ ഇല്ലാതായപോലെയോ അവർക്കു തോന്നിത്തുടങ്ങുന്നു. പല കാരണങ്ങൾ ഇതിനായി ചൂണ്ടിക്കാണിക്കാമെങ്കിലും പ്രസക്തമായ ചില ചിന്തകൾ മാത്രം പങ്കുവയ്ക്കുന്നു.

1). ശൈശവ ആത്മീയതയിൽനിന്നും വളർച്ചയിലേക്കു തന്റെ മക്കളെ leading ചെയ്യുന്ന ദൈവപ്രവൃത്തിയായി ഇതിനെ മനസ്സിലാക്കാം. പാലിനുപകരം കട്ടിയുള്ള ആഹാരം എന്നതുപോലെ ചില ആദ്യാനുഭവങ്ങളിൽനിന്നും ദൈവവഴികളിലൂടെയുള്ള ചില ഉയർന്ന ചിന്തകളിലേക്കും നിലവാരങ്ങളിലേക്കും ദൈവം നമ്മെ ക്ഷണിക്കുന്നതാണ് നാം തിരിച്ചറിയേണ്ടുന്നത്. ഈ അവസ്ഥയിൽ ദൈവത്തോട് നാം എങ്ങനെ respond ചെയ്യുന്നു അഥവാ പ്രതികരിക്കുന്നു എന്നതാണ് ദൈവം നോക്കുന്നത്. തന്റെ ഏകജാതനായ ഇസഹാക്കിനെ യാഗം കഴിക്കണമെന്നു അബ്രഹാമിനോട് ആവശ്യപ്പെടുന്ന ദൈവം അതുവരെ താൻ കണ്ടതും ശീലിച്ചതുമായ ദൈവീക വഴികളുടെ വിശാലമായ മറ്റൊരു canvas ആണ് അന്നുമുതൽ കണ്ടുതുടങ്ങുന്നത്.

2). ക്രിസ്തുവിൽവളരുവാൻ വചനവും കൂട്ടായ്മാ ജീവിതവും ആവശ്യമാണ്. ഇങ്ങനെ വളരുന്ന വ്യക്തി മാത്രമേ ക്രിസ്തുവിനെ അനുഭവിക്കുകയുള്ളൂ. നമ്മിൽ ദൈവം കണ്ടിരിക്കുന്ന വിളിയുടെ വെളിച്ചം നമുക്കു ഗ്രഹിപ്പിച്ചുതരിക എന്ന ശ്രമകരമായ ഉദ്യമം നാം ആയിരിക്കുന്ന / കടന്നു ചെല്ലുന്ന കൂട്ടായ്മയിൽ നിക്ഷിപ്തമാണ്. അതായത്, ഒരുവനെ അവന്റെ വിളിയിലിലേക്കു തിരിപ്പിക്കുക ആ ദൗത്യം പ്രാദേശിക കൂട്ടായ്മയുടെ ഉത്തരവാദിത്വമാണ്. ദൈവീക വെളിപ്പാടിനും കാഴ്ചപ്പാടിനുമൊത്തവണ്ണം ആ സഭ / കൂട്ടായ്മ നീങ്ങുന്നുവെങ്കിൽ നിശ്ചയമായും നാം പ്രതീക്ഷിക്കുന്നതിനേക്കാൾ സമ്പന്നമായ ആത്മീയ അനുഭവം ദൈവം അവിടെ ഒരുക്കും. എന്നാൽ ഇത് ലഭിക്കാതെ വരുന്ന വക്തിയെ

സംബന്ധിച്ചിടത്തോളം കേവലമായ ശൂന്യത ആ വ്യക്തിയിൽ നിലനിൽക്കുകയും ആ ശൂന്യത വളരുകയും ചെയ്യും.

3. തോൽപിക്കണം എന്നാഗ്രഹിച്ചിട്ടും ജയിക്കുവാൻ കഴിയാത്തവണ്ണം സ്വയം എന്ന ജഡസ്വഭാവത്തെ മരിപ്പിക്കുവാൻ കഴിയാത്തവരാണോ നിങ്ങൾ ?

മുള്ളിനെ മുള്ളുകൊണ്ടു എടുക്കുക എന്ന മാനുഷിക സമ്പ്രദായം ആത്മീയ ജീവിതത്തിലില്ല. കാരണം, ഇവിടെ സകലത്തിന്റെയും കർതൃത്വം നടത്തുന്നത് ദൈവം തന്നെയാണ്. ഇതിന്റെ സാരമെന്തെന്നാൽ, ജഡസ്വഭാവം അന്തർലീനമായിരിക്കുന്നത് നാം വസിക്കുന്ന ജഡത്തിൽത്തന്നെയാണ്. പിന്നെങ്ങനെ അതെ ജഡത്തിൽ ജഡത്തിനെതിരായി തീരുമാനമെടുത്തുകൊണ്ടു അവയെ ജയിക്കാനാകും ? അത് അസാധ്യമാണ്. ഇതേ കാരണത്താലാണ് നാം എടുക്കുന്ന ചില ശക്തമായ തീരുമാനങ്ങളും മനസാന്തരങ്ങളും വേഗത്തിൽ ജഡത്തിൽ അലിഞ്ഞില്ലാതാവുന്നത്.

എന്താണ് നമുക്കിവിടെ ആവശ്യമായതെന്നു നോക്കാം. നാം യേശുക്രിസ്തുവിൽ വീണ്ടും ജനിച്ചെങ്കിലും (BORN AGAIN) നാം ക്രിസ്തുവിൽ ദിനംപ്രതി വളർന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. സകലത്തിലും പൂർണ്ണത നിറഞ്ഞ ഒരു മനുഷ്യനെ ഭൂമിയിൽ കണ്ടെത്തുക അസാധ്യമാണ്. അപ്പോൾ നമ്മുടെ തോൽവികളാണ് നമ്മുടെ ജഡത്തിന്റെ ബലഹീനതകൾ എന്നത്. അതിനാൽ ഈ ജഡത്തെ പൂർണ്ണമായും കീഴ്പ്പെടുത്തുവാൻ ദൈവാത്മാവിനുമാത്രമേ കഴിയുകയുള്ളൂ. അതിനാൽ നമ്മിൽ വെളിപ്പെടുന്ന നമ്മുടെ ജഡസ്വഭാവങ്ങൾക്ക് നമ്മുടെ തീരുമാനത്തെ വിട്ടുകൊടുക്കാതെ, എല്ലാം നന്നായി ചെയ്യുന്ന നമ്മുടെ സഹായകനായ പരിശുദ്ധാത്മാവിനു വിട്ടുകൊടുക്കുക. അവിടെയാണ് നാം ആത്മാവിൽ ജഡത്തെ ജയിക്കുന്നത്.

ഈ ഒരു മർമ്മം ഗ്രഹിക്കുന്നവർ ആത്മാവിൽ ജഡത്തെയും ജഡാഭിലാഷങ്ങളെയും ജയിക്കും.

4 . ഇത്രയെല്ലാംപ്രാർത്ഥിച്ചിട്ടും സ്വർഗ്ഗീയ സമാധാനം ലഭിക്കാത്ത സമയങ്ങളിലൂടെയാണോ നിങ്ങൾ കടന്നുപോവുന്നത് ?

ദൈവപൈതലിന്റെ സമാധാനം ക്രിസ്തുവാണ്. ക്രിസ്തുവുള്ളയിടത്തു അവൻ സമാധാനം അനുഭവിക്കുന്നു. മറ്റൊരുവാക്കിൽ പറഞ്ഞാൽ, ഒരുവന്റെ കൂടെ യേശുക്രിസ്തുവുണ്ടെങ്കിൽ അവനെപ്പോഴും ക്രിസ്തുവിലുള്ള പൂർണ്ണസമാധാനത്തിൽ നിത്യം വസിക്കും.

ഇരുട്ടും പ്രകൃതവുമായിരിക്കുന്ന ജീവിതങ്ങൾ നമുക്കു ചുറ്റുമുണ്ട്. അവർക്കിടയിൽ എങ്ങനെയാണ് നാം സമാധാനം കണ്ടെത്തുക ?

മത്തായി 5 : 9
സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും

അതായതു നാം അവരുടെ മദ്ധ്യേ ദൈവത്തിന്റെ മക്കളെന്ന പദവിയിൽ ജീവിച്ചാൽ ക്രിസ്തുവിലെ സമാധാനം നമ്മിലൂടെ ഒഴുകും.

അങ്ങനെയെങ്കിൽ പ്രാർത്ഥിച്ചിട്ടും നമ്മിൽ സമാധാനം ലഭിക്കാതെ വന്നാലോ ?
നാം പ്രാർത്ഥിച്ച പ്രാർത്ഥനകളിലേക്കു നോക്കുക. ദൈവം ആഗ്രഹിക്കുന്നതുപോലെയാണോ നമ്മുടെ പ്രാർത്ഥനയും ജീവിതവും മുന്പോട്ടുപോവുന്നത് ? നാം ആത്മാവിലാണ് (ആത്മ നിയോഗത്തോടെയാണ്) പ്രാർത്ഥിക്കുന്നതെങ്കിൽ നമ്മുടെ ചിന്തകളെയും നിനവുകളെയും മൂടുന്ന ദൈവീക സമാധാനം നമ്മുടെ ഹൃദയത്തിൽ വ്യാപരിക്കും. നമ്മുടെ സ്വയത്തിൽനിന്നും മത്സരത്തിൽനിന്നും കയ്പ്പിൽനിന്നും അവിശ്വാസത്തിൽനിന്നും പ്രാർത്ഥിച്ചാൽ ഉത്തരവും സമാധാനവും ലഭിക്കുകയില്ല. പ്രാർത്ഥനയിൽ എപ്പോഴും ദൈവത്തോട് ദൈവയിഷ്ടം ആരായുക, അത് വചനത്തിലൂടെയും ദൂതുകളിലൂടെയും ബോധ്യങ്ങളിലൂടെയും വെളിപ്പെടുവാനായി എപ്പോഴും പ്രാർത്ഥിക്കുക. പ്രാർത്ഥനയുടെ നീളമോ വിഷയങ്ങളുടെ വലിപ്പമോ അല്ല മറിച്ചു, ദൈവം ആഗ്രഹിക്കുന്നതിനെ മറുപടിയായി ലഭിക്കുവാനും അത് ഉൾകൊള്ളുവാനുമുള്ള മനസ്സൊരുക്കവും ഒപ്പം ചോദിക്കുക. അല്ലായെങ്കിൽ, ദൈവം ഉത്തരം നൽകിയാലും അവ നമ്മുടെ ഇഷ്ടപ്രകാരം അല്ലായ്കയാൽ നാം ദൈവശബ്ദത്തെ ഉൾകൊള്ളുകയില്ല.

ചില പ്രാർത്ഥനയുടെ ഉത്തരങ്ങൾ വൈകുമ്പോഴും ലഭിക്കാതെ പോവുമ്പോഴും നമ്മുടെ അസ്വസ്ഥതയാൽ സമാധാനം നഷ്ടപ്പെട്ടുപോവാൻ സാദ്ധ്യതയുണ്ട്. അത്തരം വിഷയങ്ങൾ/പ്രശ്നങ്ങൾ എപ്രകാരം പ്രാർത്ഥിക്കണമെന്നുള്ള ആലോചന ദൈവത്തോടുതന്നെ ചോദിക്കുക. ദൈവം അതു ഗ്രഹിപ്പിക്കും.

സദൃശ്യവാക്യങ്ങൾ *25 : 2*
കാര്യം മറെച്ചുവെക്കുന്നതു ദൈവത്തിന്റെ മഹത്വം; കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്വം.

1 **പത്രോസ്** *2 : 9*
നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

മേൽപ്പറഞ്ഞ വചനങ്ങളിൽ നാം ദൈവത്തിന്റെ കണ്ണുകളിൽ രാജകീയ പദവിയിലാണെന്നു വ്യക്തമാണല്ലോ. അങ്ങനെയെങ്കിൽ, ഒരു വൃക്ഷത്തെ എങ്ങനെ വെട്ടിക്കളയണമെന്നു ചിന്തിച്ചു സമയമെടുക്കുമ്പോൾ യേശു ആഗ്രഹിക്കുന്നതു നാം വിശ്വാസത്തോടെ, വൃക്ഷമെന്ന ആ വേരുപിടിച്ചു വർഷങ്ങളായി ഉറച്ചുനിൽക്കുന്ന പ്രതികൂലത്തെ നോക്കി കല്പിച്ചുപ്രാർത്ഥിക്കുവാനും അങ്ങനെ ആ വൃക്ഷം കടലിലേക്കു വീഴുവാനുമാണ്. ഓർക്കുക, ദൈവപ്രവൃത്തിയിൽ മനുഷ്യന്റെ ആഗ്രഹങ്ങൾ നിലകൊള്ളേണ്ടുന്നതാകുന്നു.

5. **<u>എത്ര പ്രാർത്ഥിച്ചിട്ടും തീരാത്ത സംശയങ്ങളാണോ നിങ്ങളുടെ എതിരാളി</u>** ?

ആത്മീയ ജീവിതത്തിൽ അനേകം വെല്ലുവിളികളും എതിരാളികളുമുണ്ട്. എന്നാൽ ഇന്നും വിശ്വാസികളായവർ മനുഷ്യരെയാണ് വെല്ലുവിളികളെയും എതിരാളികളായും കാണുന്നത്. തിരുവചനം ഒരുനാളും ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നില്ല. എന്നാൽ അത്തരം വ്യക്തിജീവിതങ്ങളുടെ പിന്നിൽനിൽക്കുന്ന ദുരാത്മതലങ്ങളെയും ജഡികതയേയും പരിശുദ്ധാത്മാവിൽ തിരിച്ചറിയുവാൻ നാം ആഗ്രഹിക്കുന്നു.

എഫെസ്യർ 6 : 12
നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.

ദൈവത്തിന്റെ വഴികളെയും ദൈവീക ആലോചനകളെയും പരിശുദ്ധാത്മാവിനാൽ അറിയിക്കപ്പെട്ട ദൂതുകളെയുംകുറിച്ചുള്ള സംശയങ്ങൾ അനേക ദൈവമക്കളിലുണ്ട്. ഇക്കാര്യത്തിൽ, പ്രാരംഭമായി നാം മനസ്സിലാക്കേണ്ടുന്ന ചില വസ്തുതകളുണ്ട്. അതിൽ സുപ്രധാനമാണ്, ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യുന്ന സകല കാര്യങ്ങളുടെയും 'മർമ്മം' നമ്മുടെ ഈ ആയുസ്സിൽ ബോധ്യപ്പെട്ടുകൊള്ളണമെന്നില്ല എന്ന സത്യം. ഇതൊരു ജാമ്യമെടുപ്പല്ല, കാരണം ദൈവത്തിനുവേണ്ടി മനുഷ്യൻ ജാമ്യമെടുക്കേണ്ടുന്ന കാര്യമില്ല. ദൈവത്തിന്റെ ആലോചനകളെ/വഴികളെ പൂർണ്ണമായും തിരിച്ചറിയുന്ന ജ്ഞാനവും ഹൃദയവും മനുഷ്യനില്ല എന്നതാണ് ഇതിനു കാരണം. നമുക്കു വെളിപ്പെടുന്നത്, ദൈവം വെളിപ്പെടുത്തുന്ന ആത്മീയ അനുഭവങ്ങളുടെ നേർത്ത ഒരു ഭാഗം മാത്രമാണ്. ഓരോ OBJECT നും അനേകം DIMENSIONS ഉണ്ടായിരിക്കെ അതിലെ ഒന്നോ രണ്ടോ വശങ്ങൾ മാത്രമായിരിക്കും നമുക്കു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയുന്നത്. എന്നാൽ, ആ ഗ്രഹിക്കപ്പെട്ട വശങ്ങളിലൂടെയെല്ലാം തെറ്റിപ്പോവാതെ നമ്മെ നടത്തുന്നത് ദൈവം തന്നെയാണ്, തന്റെ ജ്ഞാനത്തിലൂടെ.

ദൈവത്തിന്റെ പരമാധികാരത്തിൻകീഴിലാണ് നാം ആയിരിക്കുന്നതെങ്കിൽ ഇതോടൊപ്പം അടിസ്ഥാനമായി നാം മനസ്സിലാക്കുക, നമ്മെ സ്നേഹിക്കുന്ന ദൈവം ദോഷമായതൊന്നും തന്റെ മക്കളായ നമുക്കു അനുവദിക്കുകയില്ല.

ദൈവത്തിനുമുന്പിൽ മനുഷ്യർ തന്നെത്താൻ ഏല്പിച്ചുകൊടുക്കുമ്പോൾ അനുഭവവേദ്യമാകുന്ന ഒരു ദൈവീകമഹത്വമുണ്ട്. അത് നാം കാണുന്നത് യേശുവിന്റെ ജനനത്തിനായി ദൈവം തിരഞ്ഞെടുത്ത മറിയ എന്ന വ്യക്തിയുടെ ജീവിതത്തിലാണ്.

ലൂക്കോസ് 1 : 28 - 38

28 ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പറഞ്ഞു.
29 അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു.
30 ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു.
31 നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം.
32 അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും
33 അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു.
34 മറിയ ദൂതനോടു: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു.
35 അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.
36 നിന്റെ ചാർച്ചക്കാരത്തി എലീശബെത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്കു ഇതു ആറാം മാസം.
37 ദൈവത്തിന്നു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു.
38 അതിന്നു മറിയ: ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു; ദൂതൻ അവളെ വിട്ടുപോയി.

യേശു എന്ന ദൈവപുത്രൻ കന്യകയായ തന്റെ ഉദരത്തിൽ എങ്ങനെ ജനിക്കുമെന്നുള്ള ചോദ്യത്തിനു ദൂതൻ നൽകിയ ഉത്തരത്തിൽ ഇങ്ങനെയൊരു ഭാഗം നാം വായിക്കുന്നു:

വാക്യം 37 - ദൈവത്തിനു ഒരു കാര്യവും അസ്സാദ്ധ്യമല്ലലോ.

നമ്മുടെ ജീവിതത്തിലെ ചില ദൈവീക ഇടപെടലുകൾ നമുക്കു പ്രത്യക്ഷത്തിൽ പൂർണ്ണമായും മനസ്സിലായില്ലെങ്കിലും, അവിടെ ഇടപെടുന്ന ദൈവം സർവ്വശക്തനാണെന്ന ബോദ്ധ്യം നമ്മിലുണ്ടെങ്കിൽ നാം കുലുങ്ങുകയില്ല. അവിടെ നമ്മുടെ സംശയങ്ങൾക്കു ദൈവംതന്നേ മറുപടിയായിത്തീരുന്നു.

എന്നാൽ ചില സാഹചര്യങ്ങളിൽ, നാം തിരഞ്ഞെടുത്ത തെറ്റായ തീരുമാനങ്ങളിൽനിന്നും നമ്മെ പുറത്തുകൊണ്ടുവരുവാനും ദൈവീക പദ്ധതിയിൽ നമ്മെ ഉറപ്പിക്കാനുമായി ദൈവം നിശ്ശബ്ദനായി നിന്നേക്കാം. അപ്പോഴും ദൈവത്തിൽ, വിശ്വാസത്താലും പ്രാർത്ഥനയാലും അധികം ദൈവത്തിൽ ആശ്രയിക്കുക. വന്നുപോയ തെറ്റുകളുടെ ബോധ്യം ലഭിക്കുവാൻ പ്രാർത്ഥിക്കുകയും ദൈവത്തിനായി ഏല്പിച്ചുകൊടുക്കുകയും ചെയ്യുക. ദൈവം തന്റെ പ്രവൃത്തിയെ അയക്കും.

6 . **ജീവിതത്തിലെപാളിച്ചകൾ ഓർത്തുകൊണ്ട് ഇന്നും തേങ്ങുന്നവരാണോ നിങ്ങൾ ?**

ശത്രുവായ സാത്താൻ നമ്മെ ഒരേസമയം മോഹിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു. ഇതേ കാര്യംതന്നെ മനുഷ്യനിലെ ദേഹി (soul) ചെയ്യാറുണ്ട്. എന്നാൽ രണ്ടിന്റെയും end output എന്നത് വിഷാദമാണ്.

സാത്താൻ ഒരിക്കലും കാര്യങ്ങളുടെ നിജസ്ഥിതി മനുടെ മുൻപിൽ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല. മനുഷ്യമനസ്സാകട്ടെ ഈ സാത്താന്റെ പിടിയിലകപ്പെട്ടു കഴിയുമ്പോൾ അവയോടു respond ചെയ്യുവാനായി വെമ്പൽകൊണ്ടു നില്കുകയുംചെയ്യുന്നു. ഈ അവസരത്തിൽ എന്താണ് ആവശ്യമായിരിക്കുന്നതെന്നു നോക്കാം.

എഫെസ്യർ 4 : 22 - 25
22 **മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു**
23 **നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു**
24 **സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ**.

25 **ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ.**

നമ്മുടെ വീണ്ടും ജനനത്തിലൂടെ, പാപം ചെയ്യുവാൻ ആഗ്രഹിക്കുന്ന പഴയമനുഷ്യൻ അടക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ അതിനുപകരമായി, ദൈവവുമായി ബന്ധംപുലർത്തുവാൻകഴിയുന്ന പുതുമനുഷ്യനായ ആത്മമനുഷ്യനെയാണ് നാം ധരിച്ചിരിക്കുന്നത്. ഈ ബോദ്ധ്യം നമ്മിൽ ജീവനായിത്തീരുമ്പോൾ, വിശ്വാസത്താൽ സാത്താന്റെ തീയമ്പുകളെ നാം തകർക്കും.

നാം ഇപ്പോൾ ധരിച്ചിരിക്കുന്ന പുതിയ / ആത്മമനുഷ്യൻ ദൈവഹിതപ്രകാരമുള്ള ദൈവീക ഇഷ്ടങ്ങളെ ചെയ്യുവാൻ താല്പര്യമുള്ളവനും സകലത്തിലും പരിശുദ്ധാത്മാവിന്റെ സഹായം തേടുന്നവനുമാണ്. ഇതിനായി നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോദ്ധ്യം നമ്മിലുണ്ടെങ്കിൽ ഇതര ചിന്തകളെ നാം ജയിച്ചിരിക്കുന്നു എന്ന് നിസ്സംശയം പറയാം.

7. **<u>ഉപവസിച്ചും പ്രാർത്ഥിച്ചും ജീവിതം എങ്ങനെയൊക്കെയോ തള്ളിനീക്കുന്നവരാണോ നിങ്ങൾ</u>** ?

ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻകുഞ്ഞുങ്ങൾക്കനന്ദ ദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തുയേശു നായകൻ കൂട്ടാളിയാണേ.

ക്രിസ്തീയ ജീവിതത്തിന്റെ മഹത്വം വിളിച്ചോതുന്ന ആത്മനിർഭരമായ വരികളാണിവ. പ്രത്യാശാനിർഭരമായിരിക്കണം ക്രിസ്തീയ ജീവിതം. 'എന്റെ ജീവിതം പ്രത്യാശനിറഞ്ഞതാണ്' എന്ന് മറ്റുള്ളവരുടെ മുൻപിൽ വയ്ക്കുന്ന ഒരു CLAIM മാത്രമായി എന്റെ ജീവിതം ചുരുങ്ങുമ്പോഴാണ് യഥാർത്ഥ നിരാശ നമ്മെ പിടിക്കുന്നത്.

പുത്രൻറെ രാജ്യത്തിലാണ് നാം ഇന്ന് ആയിരിക്കുന്നതെന്ന ബോദ്ധ്യം നമ്മെ ഉണർവിലേക്കു നടത്തും. കണ്ണെത്താത്ത ഇടങ്ങളെക്കുറിച്ചു ചിന്തിച്ചു മനക്കോട്ടകെട്ടുന്ന നമുക്കു, നമ്മുടെമേൽ ദൈവം കണ്ടിരിക്കുന്ന ദൈവീക ഭാവിയെക്കുറിച്ചുള്ള ചിത്രം ഇല്ല. അബ്രഹാമിന് അതു ഉണ്ടായിരുന്നു. നക്ഷത്രങ്ങളെയും മണൽത്തരിയെയുമൊക്കെ കാണുമ്പോൾ അബ്രഹാം അതോർത്തു ദൈവത്തെ സ്തുതിച്ചുമിരുന്നു. അത് ദൈവം വിശ്വാസമായി എണ്ണുകയും നീതിയായി കണക്കിടുകയും ചെയ്തു.

നമ്മെകുറിച്ചുള്ള ദൈവത്തിന്റെ ഭാവി പദ്ധതികളെക്കുറിച്ചുള്ള ചിത്രം ദൈവത്തിൽനിന്നും പ്രാപിക്കുകയും അത് ദൈവവുമായി അനുദിനം ചർച്ചചെയ്യുകയും ചെയ്യുക. മധുരകരമാവട്ടെ ദൈവവുമായുള്ള നമ്മുടെ ബന്ധം.

8 . മടുപ്പുകളുംആത്മീയ മന്ദതകളും നിങ്ങളുടെ കൂട്ടാളികളാണോ ?

നമ്മുടെമേൽ പകരപ്പെട്ട കൃപയുടെ വിനിമയമാണ് നമ്മുടെ ശുശ്രൂഷയും ആത്മീക ജീവിതവും. അവിടെ ആർക്കും ഒഴിവുകഴിവുകളില്ല. ആത്മീയ ഉണർവ്വുകളെക്കുറിച്ചു വായിക്കുകയും കേൾക്കുകയും ചിന്തിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുക. എപ്പോഴും ക്രിസ്തുവിലൂടെ നമ്മെ കാണുക. ലക്ഷ്യമില്ലാത്ത ക്രിസ്തീയ ജീവിതം അർത്ഥശൂന്യമാണ്.

ഫിലിപ്പിയർ 1 : 4
നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു.

9 . കർത്താവിനായി യാതൊന്നും ചെയ്യുവാൻ കഴിയുന്നില്ല എന്ന തോന്നലിലാണോ ഇന്നും നിൽക്കുന്നത് ?

ദൈവം ആഗ്രഹിക്കുന്നത് മാത്രം ചെയ്യുവാനായി നമ്മുടെ ആത്മമനുഷ്യനെ ഒരുക്കിനിറുത്തുക. ദൈവം ആഗ്രഹിക്കാത്ത കാര്യങ്ങൾ (ആത്മീകമെന്നു നമുക്ക് തോന്നുന്നവയും) ചെയ്തുകൊണ്ട് സമയം വ്യർത്ഥമാക്കാതിരിക്കുക. അങ്ങനെ ചെയ്യുമ്പോൾ മനുഷ്യന്റെ പുകഴ്ച ഒരു കുന്നോളം ലഭിക്കുമെങ്കിലും ദൈവത്തിന്റെ മഹത്വം ലഭിക്കാതെപോവും.

ദൈവത്തെ പ്രസാദിപ്പിക്കുക എന്നത് എന്തെങ്കിലുമൊക്കെ (ആത്മീകകാര്യങ്ങൾ) ചെയ്തുകൊണ്ട് നമ്മുടെ മനസ്സുനിറയ്ക്കുക എന്നതല്ല. അവ അർത്ഥശൂന്യമാണ്, വെറും മാനുഷിക സംതൃപ്തികൾ മാത്രമാണ് അതിലൂടെ ലഭിക്കുക. അതിനർത്ഥം ദൈവമക്കൾ അലസരായോ നിഷ്ഫലമായോ ഇരിക്കണമെന്നുമല്ല, പ്രത്യുത, ക്രിസ്തുവിൽ വളർന്നുകൊണ്ടു അനുനിമിഷവും ദൈവവുമായുള്ള വ്യക്തിബന്ധത്തിൽ ദൈവീക ആഗ്രഹങ്ങളെ ഗ്രഹിച്ചുകൊണ്ടു അവയ്ക്കുവേണ്ടി മാത്രം നമ്മുടെ ചുവടുകളെ തിരിക്കുക എന്നതാണ്. കർത്താവ് നമ്മെ നോക്കി പുഞ്ചിരിയ്ക്കട്ടെ.

10 . **കർത്താവിൽനിന്നും ഒളിച്ചോടുന്ന അനുഭവത്തിലാണോ നിങ്ങൾ ?**

ആദവും ഹവ്വയും ഏദൻതോട്ടത്തിൽ ദൈവത്തിൽനിന്നും ഒളിച്ചോടി മറഞ്ഞിരുന്നത് അവർ പാപത്താൽ വഞ്ചിക്കപ്പെട്ടതുകൊണ്ടാണ്. സത്യത്തിൽ, അവർ ഇരുവരും ദൈവത്തോട് സംസാരിക്കുവാൻ ഒന്നും ഇല്ലാതിരുന്നതുകൊണ്ടു മാറിയിരുന്നവരല്ല. മറ്റേതു ദിവസത്തേക്കാളും കൂടുതൽ ദൈവത്തോട് സംസാരിക്കുവാനുള്ള കാര്യങ്ങൾ അന്നേ ദിവസം അവിടെ നടന്നിരുന്നു. നടന്നതെല്ലാം ഏറ്റുപറയുവാൻ അവർക്കു അവസരവും ഉണ്ടായിരുന്നു. എന്നാൽ അവർ ഭയത്തിൽപോവുകയും ദൈവത്തിൽനിന്നും മറഞ്ഞിരിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു.

ഏതൊരാവസ്ഥയിലും ദൈവത്തിന്റെ മുൻപിൽ നിന്ന് ഒളിച്ചോടാതെ ദൈവീക കരങ്ങളിൽ പിടിക്കുന്ന മക്കളെയാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവത്തെ പിതാവായി കാണുവാൻ കഴിയാത്ത തലത്തിൽ വഞ്ചിക്കപ്പെട്ടുപോയ ആദവും ഹവ്വയും ദൈവമുഖത്തുനിന്നും ഒളിച്ചോടി.

ഇന്ന് നാം എവിടേക്കാണ് ഒളിച്ചോടുന്നത് ? എല്ലാം സമാപിച്ചശേഷം നാം എല്ലാവരും ഒരുനാൾ ദൈവത്തിന്റെമുന്പിൽ നില്കേണ്ടതാകുന്നു.
ഭയത്താലല്ല, പിതാവിന്റെ സ്നേഹത്തിൽ വസിക്കുവാൻ നമ്മുടെ പിതാവാം ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു.

യാക്കോബ് 4 : 6 - 10

6 **എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു "ദൈവം**
നിഗളികളോടു എതിർത്തുനിൽക്കയും താഴ്മയുള്ളവർക്കു കൃപ
നല്കുകയും ചെയ്യുന്നു" എന്നു പറഞ്ഞിരിക്കുന്നു.
7 **ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു**
എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.
8 **ദൈവത്തോടു അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോടു**
അടുത്തുവരും. പാപികളേ, കൈകളെ വെടിപ്പാക്കുവിൻ;
ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ;
9 **സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ; നിങ്ങളുടെ ചിരി ദുഃഖമായും**
സന്തോഷം വിഷാദമായും തീരട്ടെ.
10 **കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ**
നിങ്ങളെ ഉയർത്തും.

നമ്മുടെ ദൈവത്തിങ്കലേക്കു നമുക്കു അടുത്തുവരാം. ദൈവത്തിന്റെ സമാധാനം, കൃപ, ബലം എല്ലാവരുടെമേലും അധികം പകരപ്പെടുമാറാകട്ടെ.

-ജിബി തോമസ്

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL